# യേശു എല്ലാ കാര്യങ്ങളും നന്നായി ചെയ്തിരിക്കുന്നു!

സാക് പുന്നൻ

WFTW 18 മെയ് 2014

വെളിപ്പാട് 15:3,4 വാക്യങ്ങളിൽ നാം വായിക്കുന്നു: "അവർ ദൈവത്തിന്റെ ദാസനായ മോശയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയത് ളളസർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ, നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകലജാതികളും വന്ന് തിരുസന്നിധിയിൽ നമസ് കരിക്കും.''

മോശയുടെ രണ്ടു പാട്ടുകൾ പഴയനിയമത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട് ഒന്ന് പുറപ്പാടു പുസ്തകം 15:1 18ൽ. യിസ്രയേൽ ജനം ചെങ്കടൽ കടക്കുകയും ഫറവോനും അവന്റെ സൈന്യവും അതിൽ മുങ്ങിപ്പോകുകയും ചെയ്തപ്പോൾ മോശ പാടിചൊല്ലിയത്, "ഞാൻ യഹോവയ്ക്ക് പാട്ടുപാടും, അവൻ മഹോന്നതൻ. കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു.'' എതിർക്രിസ്തുവിനെ ഒരു വെള്ളക്കുതിരയുടെമേൽ ഇരിക്കുന്നവനായി ചിത്രീകരിച്ചിരിക്കുന്നത് വെളിപ്പാട് ആറിൽ നാം കാണുന്നു. ഇവിടെ ഈ കുതിരയെയും അതിന്മേൽ ഇരിക്കുന്നവനെയും തള്ളിയിട്ടതിനായിട്ട് ജയാളികളികൾ ദൈവത്തെ സ്തുതിക്കുന്നത് നാം കാണുന്നു.

അന്തിമ ഹെർമഗദോൻ യുദ്ധത്തിൽ എതിർക്രിസ്തുവും അവന്റെ സൈന്യവും യിസ്രായേലിലേക്കു വന്ന് അതിനെ ആക്രമിക്കും. ആ സമയത്തു കർത്താവായ യേശുക്രിസ്തു തന്റെ വിശുദ്ധന്മാരുമായി ഭൂമിയിലേക്കു വരും. അവന്റെ പാദങ്ങൾ ഒലിവു മലമേൽ നിൽക്കുകയും എതിർക്രിസ്തുവിന്റെ സൈന്യത്തെ നശിപ്പിച്ചു കളയുകയും ചെയ്യും. ദൈവജനം ഒരു യുദ്ധവും ചെയ്യാതെ ആ വിജയം നോക്കി കാണുകയും അതിൽ പങ്കാളികളാകുകയും ചെയ്യും.

ഇന്നും ഓരോ വിജയവും നാം നേടേണ്ടത് അങ്ങനെ തന്നെയാണ്. നാം മാനുഷികമായ ആയുധങ്ങൾ കൊണ്ടല്ല യുദ്ധം ജയിക്കുന്നത്. നാം ഉറച്ചു നിൽക്കുകയും കർത്താവിൽ ആശ്രയിക്കുകയും ചെയ്യുക. അപ്പോൾ കർത്താവു നമ്മുടെ ശത്രുക്കളെ നശിപ്പിക്കുന്നു. അതുകൊണ്ട് അതിൽ വിശ്വാസമുള്ളവർക്ക് ഇന്നുപോലും മോശയുടെ പാട്ടു പാടുവാൻ കഴിയും.!! ജീവിതത്തിന്റെ പോരാട്ടങ്ങളിൽ നമുക്കു മോശയുടെ പാട്ടുപാടുവാൻ കഴിയും. 'ഉറച്ചു നിന്ന്' കർത്താവു നമ്മുടെ ശത്രുക്കളോട് എന്താണു ചെയ്യുന്നത് എന്നു നമുക്കു കാണാൻ കഴിയും.

മോശയുടെ രണ്ടാമത്തെ പാട്ട് ആവർത്തനം 31:30 മുതൽ 32:43 വരെയുള്ള വാക്യങ്ങളിലാണ്: "ജാതികളെ അവന്റെ ജനത്തോടു കൂടെ ഉല്ലസിപ്പിൻ; അവൻ (കർത്താവ്) സ്വദാസന്മാരുടെ രക്തത്തിനു പ്രതികാരം ചെയ്യും; തന്റെ ശത്രുക്കളോട് അവൻ പകരം വീട്ടും; തന്റെ ദേശത്തിനും ജനത്തിനും പാപപരിഹാരം നടത്തും'' (ആവ. 32:43). ഈ രണ്ടു പാട്ടുകളിലും, നാം ഒരു സത്യം കാണുന്നു: ദൈവജനം അവരുടെ ശത്രുക്കളോടു പ്രതികാരം ചെയ്യുന്നില്ല. അവർ പുറകിൽ നിൽക്കുകയും ദൈവം അവർക്കുവേണ്ടി യുദ്ധം ചെയ്യുകയും, അവരുടെ ശത്രുക്കളോടു പ്രതികാരം നടത്തുകയും ചെയ്യുന്നു.

ഒരുനാൾ മഹത്വത്തിൽ ദൈവത്തിന്റെ വാദ്യമേളങ്ങളോടു ചേർന്നു നമുക്ക് ഇതു പാടാൻ കഴിയേണ്ടതിന് ഇപ്പോൾ ഈ പാട്ട് നാം പഠിക്കേണ്ടിയ ആവശ്യമുണ്ട്. ജീവിതത്തിന്റെ ദൈനംദിന സാഹചര്യങ്ങൾ ഈ പാട്ടു പഠിക്കുന്നതിനുള്ള ഗാനപരിശീലനംപോലെയാണ്.

ജയാളികൾ പാടിചൊല്ലുന്നത് ദൈവത്തിന്റെ വഴികൾ തികവുള്ളതാണ് എന്നാണ്. സ്വർഗ്ഗത്തിൽ നാം പാടും. "യേശു എല്ലാ കാര്യങ്ങളും നന്നായി ചെയ്തിരിക്കുന്നു'' എന്ന് ആ നാളിൽ, നമ്മെ ഭൂമയിൽ ദൈവം നടത്തിയ എല്ലാ വഴികളിലേക്കും നാം തിരിഞ്ഞു നോക്കുമ്പോൾ, നാം കണ്ടെത്തും, എല്ലാ കാര്യങ്ങളും - അതെ,

എല്ലാ കാര്യങ്ങളും- നമ്മുടെ ഏറ്റവും നല്ലതിനായി ദൈവത്താൽ നിയമിക്കപ്പെട്ടവയായിരുന്നു എന്ന്. ഇന്ന് അനേക കാര്യങ്ങളും സംഭവിക്കുന്നതെന്തുകൊണ്ടാണെന്ന് നമുക്കു മനസ്സിലാകുന്നില്ല. എന്നാൽ ആ ദിവസം നമുക്കു പൂർണ്ണമായി മനസ്സിലാകും. എന്നാൽ വിശ്വാസമുള്ള ഒരു മനുഷ്യന് അന്നുവരെ കാത്തിരിക്കേണ്ട. അവൻ അതു വിശ്വസിക്കുകയും ഇന്നുതന്നെ അത് അറിയുകയും ചെയ്യുന്നു. ഈ ഭൂമിയിൽ അവനു സംഭവിക്കുന്ന എല്ലാ കാര്യങ്ങൾക്കുമുള്ള കാരണം ദൈവം വിശദീകരിച്ചു കൊടുക്കുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യം അവനില്ല. ഇപ്പോൾ തന്നെ അവൻ പാടുന്നത് "കർത്താവേ! അവിടുത്തെ വഴികൾ പൂർണ്ണതയുള്ളതാണ്.''

(മൊഴിമാറ്റം: സാജു ജോസഫ്)